കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ധർമ്മടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്-2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

Email: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1453/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001

ഇ-മെയിൽ:doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തീയ്യതി : 11.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ധർമ്മടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ധർമ്മടം ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-14, 1-26 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/1453/2019 തീയ്യതി: 11.10.2019

# കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2019 മുതൽ 21.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-08-2019 മുതൽ 31-08-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സുരേശൻ.പി.വി | ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനൂപ്.കെ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വനജ.എം | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബേബി സരോജ .സി.പി. | 1-4-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.പ്രസാദ് വി.വി. | 1-4-2018 മുതൽ 31-03-2019 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഉല്ലാസൻ.സി.പി | 01-04-2018മുതൽ31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.കാർത്തിക. എം. കെ | 01-04-2018മുതൽ 16-02-2019 വരെ |
| | ശ്രീമതി.അഷിത.എം.ആർ (ഇൻചാർജ്) | 17-02-2019മുതൽ 31-03-2019വരെ |

| | | |
|---|---|---|
| വി.ഇ.ഒ. (പാലയാട്) | ശ്രീമതി.ആഷിഫ .എ | 01-04-2018 മുതൽ 31-12-2018 വരെ |
| | ശ്രീമതി.മെറിൻ ജോസ്ന ഗോൺസാൽവസ് | 01-01-2019 മുതൽ 12-02-2019 വരെ |
| | ശ്രീ.പ്രേമൻ | 13-02-2019 മുതൽ 01-03-2019 വരെ |
| | ശ്രീമതി.സോഫിയ.വി.പി | 02-03-2019 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. (ധർമ്മടം) | ശ്രീ.ധനേഷ് പുതുക്കുടി | 01-04-18 മുതൽ 07-01-19 വരെ |
| | ശ്രീമതി.മെറിൻ ജോസ്ന ഗോൺസാൽവസ് | 08-01-2019മുതൽ 13-02-2019 വരെ |
| | ശ്രീ. പ്രേമൻ | 14.02-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ. മുരളി കോപ്പൻ്റവിട | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹരീഷ് കൃഷ്ണൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അമർ നാഥ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ഷൈമജ ഉത്തമൻ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശ്രീജ.സി .എം | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.വിജയൻ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽ.പി.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| എസ്.ഐ.ഓഫ് ഫിഷറീസ് | ശ്രീ.രജീഷ് .ടി .കെ | 01-04-2018 മുതൽ 30-04-2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.വിനോദ്. കെ | 01-05-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി -അപാകങ്ങൾ | 1-12 |
| 13 | എഫ്.ടി.ഇ. & ഒ.എസ്. ലൈസൻസ് അപാകങ്ങൾ | 1-13 |
| 14 | സ്റ്റാന്റിംഗ് കമ്മിററി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല. | 1-14 |
| 15 | പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 16 | ഇന്ധന ഉപഭോഗം.വാഹന അറ്റകുറ്റപ്പണി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-16 |
| 17 | വാഹനങ്ങളുടെ ഇൻഷുറൻസ് -സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല. | 1-17 |
| 18 | സംസ്ഥാന ലൈഫ് ഇൻഷുറൻസ് തുക നിശ്ചിത നിരക്കിൽ ഈടാക്കിയില്ല | 1-18 |
| | | |

| | | |
|---|---|---|
| 19 | തെരുവ് വിളക്കിന് വൈദ്യുതി ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-19 |
| 20 | തെരുവ് വിളക്ക് എ എം സി- തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-20 |
| 21 | ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-21 |
| 22 | കറവ പശുവിന് തീറ്റവിതരണം - സബ്സിഡി ബാങ്ക് അക്കൗണ്ടി ലേക്ക് നൽകിയില്ല. | 1-22 |
| 23 | ഐ സി ഡി എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തൽ പൂർണ സജ്ജമായില്ല. | 1-23 |
| 24 | അമൃതം ന്യൂട്രിമിക്സ് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 1-24 |
| 25 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ | 1-25 |
| 26 | തുക നൽകിയെങ്കിലും വി ഇ ഒ ഓഫീസിന് കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല.41,259 രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കുന്നില്ല | 1-27 |
| 28 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-28 |
| 29 | കുടിവെള്ള വിതരണം നടത്തിയത്-രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവു തുകയായ ₹ 360000 തടസ്സപ്പെടുത്തുന്നു . | 1-29 |
| 30 | വിവിധ അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ-പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-31 |
| 32 | ധർമ്മടം പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- 42,120/- രൂപയുടെ മരുന്ന് ലഭിച്ചില്ല | 1-32 |
| 33 | തൊഴിൽ രഹിത വേതനം- നിബന്ധനകൾ പാലിക്കേണ്ടതാണ് | 1-33 |
| | ഭാഗം 2 | |
| | | |

| | | |
|---|---|---|
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | ഇല്ല |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | ഇല്ല |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധ പത്രികകൾ | |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 47 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 48 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

31.03.2018തീയതിയിലെ 1/149/18 നം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2019 തീയതിയിലെ 105/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.2018-19 വർഷത്തെ ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 19,25,355 |
| വരവ് | 12,18,02,090 |
| ആകെ | 12,37,27,445 |
| ചെലവ് | 11,82,23,775 |
| നീക്കിയിരിപ്പ് | 55,03,670 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 13.05.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1780221.53 |
| വരവ് | 73565234 |
| ആകെ | 75345455.53 |
| ചെലവ് | 53327374.00 |
| നീക്കിയിരിപ്പ് | 22018081.53 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15062722 | 15062722 | 13025478 | 2037244 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1565000 | 1565000 | 1240637 | 324363 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 124000 | 124000 | 0 | 124000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 2116000 | 2116000 | 535000 | 1581000 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3461000 | 3461000 | 3317448 | 143552 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 699000 | 699000 | 5620467 | 1369533 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 40554 | 127900 | 168454 | 168454 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12775181 | 12775181 | 12775181 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1691 | 316448 | 318139 | 315596 | 2543 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 1184133 | 746375 | 1930508 | 815906 | 1114602 |
| എം.പി.ഫണ്ട് | | 6864 | 530630 | 537494 | 530000 | 7494 |
| ശുചിത്വ മിഷൻ | | 0 | 101869 | 101869 | 101869 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2930 | 5205068 | 5207998 | 2832307 | 2375691 |
| | ജില്ലാ പഞ്ചായത്ത് | 2930 | 1177920 | 1180850 | 614930 | 565920 |
| ബി ഫണ്ട് | | 0 | 420920 | 420920 | 420920 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 537483 | 6902700 | 7440183 | 7637986 | 15078169 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 77689595 | 132 | 34395380 | 61 | 41 | 53.79 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 15 | 2838250 | 2355111 | 82.98 |
| കൃഷി ഓഫീസർ | 08 | 08 | 2485840 | 2216939 | 89.18 |
| വെറ്ററിനറി സർജൻ | 07 | 07 | 2750660 | 1724325 | 62.69 |
| എൽ.വി.ഇ.ഒ | 08 | 08 | 3015932 | 1261870 | 41.84 |
| വി.ഇ.ഒ | 11 | 10 | 10199454 | 6478128 | 63.51 |
| അസി.എഞ്ചിനിയർ | 88 | 51 | 47480379 | 12674718 | 26.69 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09 | 09 | 4273980 | 4019885 | 94.05 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02 | 02 | 231000 | 226869 | 98.21 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 04 | 04 | 1062000 | 874668 | 82.36 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 01 | 01 | 100000 | 48825 | 48.82 |
| ഹെഡ് മാസ്റ്റർ | 12 | 10 | 1856100 | 1549212 | 83.47 |
| ഫിഷറീസ് ഇൻസ്പെക്ടർ | 02 | 02 | 520000 | 460630 | 88.58 |
| അസി.സെക്രട്ടറി | 06 | 04 | 876000 | 504200 | 57.56 |
| ആകെ | 173 | 132 | 77689595 | 34395380 | 44.27 |

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 16135458 | 13025478 | 80.73 |
| എസ്.സി.പി | 2069916 | 1240637 | 59.94 |
| ടി.എസ്.പി | 124000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9907578 | 5620467 | 56.73 |
| ലോകബാങ്ക് ധനസഹായം | 0 | 0 | - |
| കേന്ദ്രാവിഷ്കൃതം | 1288200 | 917775 | 71.24 |
| സംസ്ഥാനാവിഷ്കൃതം | 7896214 | 0 | 0 |
| തനത് ഫണ്ട് | 20744451 | 5385423 | 25.96 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5315068 | 2832307 | 53.29 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1717920 | 614930 | 35.80 |
| സംരക്ഷണഗ്രാന്റ് റോഡ് | 2666000 | 535000 | 20.07 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 5421632 | 3317448 | 61.19 |
| മറ്റുള്ളവ | 4403158 | 905915 | 20.57 |
| ആകെ | 77689595 | 34395380 | 44.27 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഫണ്ട് വിനിയോഗം തൃപ്തികരമല്ല. സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ പാഴായത് 55.80 ലക്ഷം രൂപയാണ്.ഇതിൽ 30.22ലക്ഷം രൂപ ക്യൂബില്ലിൽ ഉൾപ്പെട്ടതുകയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കാതെ ബാക്കിയായ തുക | ക്യൂബില്ലിൽ ഉൾപ്പെട്ടതുക |
|---|---|---|
| | | |

| | | |
|---|---|---|
| വികസനഫണ്ട് ജനറൽ | 2037244 | 908530 |
| എസ്.സി.പി | ~~324363~~ | ~~0~~ |
| ടി.എസ്.പി. | 124000 | 1369533 |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1369533 | 1369533 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 143552 | 143552 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 1581000 | 600000 |
| ആകെ | 55,79,692 | 30,21,615 |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാതിരുന്നാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായുണ്ട്. ഫണ്ട് വിനിയോഗത്തിൽ കൂടുതൽ ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ നിലവിലുണ്ടായ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

സമയബന്ധിതമായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നത് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പദ്ധതി പുരോഗതിയെ സാരമായി ബാധിച്ചു. 2018-19 വർഷം ആകെ 88 മരാമത്ത് പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത്.എന്നാൽ 51 പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. തൻവർഷം ഏറ്റെടുത്ത 27 സ്പിൽ ഓവർ പ്രവൃത്തികളിൽ 6 എണ്ണത്തിന് തുക ഒന്നും ചെലവഴിക്കാതെ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായി വീണ്ടും ഉൾപ്പെടുത്തി. മെയിന്റനൻസ് ഫണ്ട് (റോഡ്) വിനിയോഗിച്ച് ആകെ രണ്ടു പ്രവൃത്തികളാണ് നടപ്പിലാക്കിയത്. പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണക്കാക്കാതെ വാർഡ് അടിസ്ഥാനത്തിൽ പ്രവൃത്തികൾ വിഭജനം നടത്തുന്നതും ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബാഹുല്യവും മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുപോലെ വാട്ടർ അതോറിറ്റി പൈപ്പ്

ലൈൻ ഇടുന്ന പ്രവൃത്തി തുടങ്ങുന്നതിന് റോഡ് വെട്ടിക്കീറിയത് പൂർവ്വസ്ഥിതിയിലാക്കാൻ വൈകിയതും സമയബന്ധിതമായ പ്രവൃത്തിപൂർത്തീകരണത്തിന് വിഘാതമായിട്ടുണ്ട്.

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിലും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. എന്നാൽ 2018-19 വർഷം പഞ്ചായത്തിലെ ആസൂത്രണസമിതിയുടെ പ്രവർത്തനം തൃപ്തികരമല്ലയെന്ന് യോഗ മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു.മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിൽ അനിവാര്യമായ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനിട്സുകളുടെ പരിപാലനം കുറ്റമറ്റരീതിയിലല്ല. യോഗ തീരുമാനങ്ങൾ വിശദമായി മിനിട്സിൽ രേഖപ്പെടുത്തുന്നില്ല. 18വാർഡിലും ഗ്രാമ സഭകൾ 3 തവണ വീതമാണ് ചേർന്നിട്ടുള്ളത്.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം.എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1691 | 316448 | 318139 | 315596 | 2543 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12775181 | 12775181 | 12775181 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 139920 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 3503800 | 196 |
| വിധവാപെൻഷൻ | 21430600 | 1153 |
| വാർദ്ധക്യകാലപെൻഷൻ | 54350300 | 2763 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 6430300 | 343 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 7609600 | 413 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36320/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു.

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടുണ്ട്.എന്നാൽ ഓഫീസിൽ ഹാജരായ മുഴുവൻ ഉദ്യോഗസ്ഥരും യോഗങ്ങളിൽ പങ്കെടുക്കുന്നതായി കാണുന്നില്ല. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും എല്ലായ്പ്പോഴും അവലോകനം നടത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം കാര്യമായി വിലയിരുത്തപ്പെടുന്നില്ല. യോഗത്തിന്റെ അജണ്ടകൾ എന്തൊക്കെയാണെന്നും അതിൻമേൽ എടുത്ത തീരുമാനങ്ങൾ എന്നിവ വിശദമായി എഴുതിച്ചേർക്കുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ ഒന്നും പൂർണ്ണമല്ല. ഫയൽ തീർപ്പാക്കുന്നതിന്റെ വിവരങ്ങൾ എഴുതി ചേർക്കുന്നില്ല. മാസാന്ത്യ സംക്ഷിപ്തം എഴുതുന്നില്ല. ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥർ ആയത് പരിശോധന നടത്തുന്നില്ല.ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനുവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതാണെങ്കിലും 2018-19 ബജറ്റ് പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരോട് നിർദ്ദേശം നൽകിക്കൊണ്ടുള്ള കത്ത് തയ്യാറാക്കിനൽകിയത് 01.02.2018 തീയ്യതിയിലാണ്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിച്ചതായും കാണുന്നില്ല. നിയമപ്രകാരം ബജററ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതായുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതിയുടെ 100% പിരിവ് ഉറപ്പുവരുത്തുന്നതിന് കമ്മിറ്റി നല്ലരീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്.മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൊതുവെ നല്ലരീതിയിൽ നടന്നുവരുന്നു. എന്നാൽ സൂചിക സോഫ്റ്റ്‌വെയർ പൂർണ്ണമായും ഉപയോഗപ്പെടുത്തി ഫയലുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനോ, ഫയൽ ട്രാക്കിംഗ് വിവരങ്ങൾ അപേക്ഷകനുമായി പങ്ക് വെയ്ക്കുന്നതിനോ സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ) പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.പഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആഭ്യന്തര സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/07/2019 | 2019 ജൂൺ | 25/07/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/11/2014 - 19/11/2014 | 2009-10 മുതൽ 2013-14 വരെ | 30/12/2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.ബി.11 ഷെഡ്യൂളിൽ നൽകിയിരിക്കുന്ന ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ആസ്തി രജിസ്റ്റർ കാലികമാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3.വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി കുടിശ്ശിക ഡിമാന്റ് , കളക്ഷൻ ബാലൻസ് എന്നിവ സഞ്ചയയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4.വസ്തു നികുതി ഇനത്തിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരം നടത്തിയ തുകയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

5.മുൻ വർഷത്തെ ബി.9 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി മുൻകൂറായി ₹ 154262 ലഭിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം ₹ 13452 (RP-36) ലഭിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ബി.9 ഷെഡ്യൂൾ പ്രകാരം ₹ 448707 ആണുള്ളത്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

6.ഷെഡ്യൂൾ I-18 പ്രകാരം വസ്തു നികുതിയിനത്തിൽ മുൻവർഷത്തേക്ക് വരവായി കാണിച്ച ₹ 266813 രൂപയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

7.ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

8.ടി.എസ്.ബി. അക്കൌണ്ടിന്റെ ബാങ്ക് ബുക്കും പാസ്സ് ബുക്കും വാർഷിക അനുരഞ്ജനം നടത്തുമ്പോൾ ₹8615 ഉം ധർമ്മടം സർവീസ് സഹകരണ ബാങ്ക് അക്കൌണ്ടിന്റെ (നം. 201110004898) ബാങ്ക് ബുക്കും പാസ്സ് ബുക്കും വാർഷിക അനുരഞ്ജനം നടത്തുമ്പോൾ ₹ 8232 ഉം directly deducated by bank എന്ന രീതിയിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി -അപാകങ്ങൾ

2018-19 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷത്തെ എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. (രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|
| 10 | എം ഭാസ്കരൻ, കാവേരി ഫുഡ് പ്രൊഡക്ട്സ് | 4 | 500/-, 117040105154, 23-02-18 |
| | | | |

| | | | |
|---|---|---|---|
| 154 | ആക്കപൊയിൽ ഷാക്കിർ, ധർമ്മടം ബീച്ച് ടൂറിസം സെന്റർ | 5 | 300/-, 117040105653, 31-03-18 |
| 129 | ബിനീഷ് ബാലകൃഷ്ണൻ, സോഫാ നിർമ്മാണം | 4 | 300/-, 117040105596, 27-03-18 |
| 85 | മുഹമ്മദ് അബ്ഷാദ്, സെഞ്ച്വറി സാനിട്ടറിവെയർ ഇന്ത്യ പ്രൈ. ലി. | 4 | 3000/- 117040105411, 14-03-18 |
| 64 | മൂർക്കോത്ത് രാധാകൃഷ്ണൻ, Fire Fighting & safety Equipments Manufacturing | 4 | 500/-, 117040105292, 28-02-18 |
| 59 | രമേശൻ തട്ടാരി, ഫർണിച്ചർ നിർമ്മാണം | 4 | 800/-, 117040105280, 28-02-18 |
| 41 | എം പി അൻവർ, കാർപ്പന്ററി വർക്ക്സ് | 2 | 1000/- 117040105238, 27-02-18 |
| | എം പി അൻവർ, കാർപ്പന്ററി വർക്ക്സ് | 2 | 1000/-, 117040105239, 27-02-18 |
| | എം പി അൻവർ, കാർപ്പന്ററി വർക്ക്സ് | 2 | 5000/-, 117040105240, 27-02-18 |
| 77 | രേഷ്മ ആർ, ഭാരത് ഗ്യാസ് | ലഭ്യമല്ല | 2000/-, 117040105367, 07-03-18 |
| 81 | മുഹമ്മദ് അബ്ഷാദ്, ക്ലാസ്സിക്കോ | ലഭ്യമല്ല | 5000/-, 117040105399, 13-03-18 |
| 85 | മുഹമ്മദ് അബ്ഷാദ്, ക്ലാസ്സിക്കോ | ലഭ്യമല്ല | 3000/-, 117040105411, 14- |

| | | | |
|---|---|---|---|
| | | | 03-18 |
| 86 | മുഹമ്മദ് അബ്ഷാദ്, ക്ലാസ്സിക്കോ | ലഭ്യമല്ല | 3000/-, 117040105412, 14-03-18 |
| 214 | ഷൈന കെ.കെ., ഷൈൻ ബിസിനസ് ഫോംസ് | 4 | 5000/-, 118040500002,30-04-18 |
| 222 | പി ജലജ, കാർത്തിക കമ്പ്യൂട്ടർ ഫോംസ് | 5 | 3000/-, 118040500003,30-04-18 |
| 223 | സിറിൽ പി ദേവ്, സെനക്സ് കമ്പ്യൂട്ടർ ഫോംസ് | 8 | 5000/-, 118040500004,30-04-18 |
| 241 | സിറിൽ പി ദേവ്, കാർത്തിക മാച്ച് ഇൻഡസ്ട്രീസ് | 20 | 4000/-, 118040500006, 16-05-18 |
| 240 | പി ജലജ, ദേവ് വുഡ്സ് | 20 | 3000/-, 118040500005, 16-05-18 |
| 348 | പ്രദീപ് എ, എവർലാസ്റ്റ് - PVC പൈപ്പ് നിർമ്മാണം | 4 | 2000/-, 118040102403, 11-10-18 |
| 382 | അലി, എ റ്റു സെഡ് സെറാമിക് ഗോഡൗൺ | 2 | 2500/-, 118040104007, 07-12-18 |
| 509 | അനൂപ്കുമാർ കെ, മോഡേൺ മെറ്റൽ ഇൻഡസ്ട്രീസ് | 5 | 1000/-, 118040105688, 19-03-19 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ട

കയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുകയോ ചെയ്തിട്ടില്ല. 2018-19 വർഷത്തിൽ ആകെ 509 അപേക്ഷകളിൽ എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/18-19, തീയ്യതി : 27-08-2019) മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ഒന്നിൽ കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

2) “മോസൺസ്” എന്ന പേരിൽ 2018-19 വർഷത്തെ എഫ്.ടി.ഇ.&ഒ.എസ്. പെർമിഷൻ രജിസ്റ്റർ പ്രകാരം 8 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. (രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|
| 33 | എം പി നസീമ, മോസൺസ് എക്സ്ട്രാക്ഷൻസ്- ആയു. മരുന്ന്, വെളിച്ചെണ്ണ നിർമ്മാണം, സ്റ്റോക്ക് ചെയ്ത് വില്പന | 70 | 5000/-, 118040105230, 27-02-18 |
| 34 | എം പി ഫയാസ്, മോസൺസ് ഓയിൽ മിൽ - വെളിച്ചെണ്ണ, നാളികേര ഉല്പന്നങ്ങൾ നിർമ്മാണം, സ്റ്റോക്ക് ചെയ്ത് വില്പന | 8 | 5000/-, 118040105231, 27-02-18 |
| 35 | എം പി നസീമ, മോസൺസ് എക്സ്ട്രാക്ഷൻസ് - ആയു. മരുന്ന്, നിർമ്മാണം, അനുബന്ധ ഓഫീസ്, കാന്റീൻ | 10 | 5000/-, 118040105232, 27-02-18 |
| 36 | എം പി നസീമ, മോസൺസ് എക്സ്ട്രാക്ഷൻസ് - ആയു. മരുന്ന്, നിർമ്മാണം, അസംസ്കൃത വസ്തുക്കളുടെ സൂക്ഷിപ്പ് | 10 | 5000/-, 118040105233, 27-02-18 |
| 37 | എം പി നസീമ, മോസൺസ് എക്സ്ട്രാക്ഷൻസ് - ആയു. മരുന്ന്, നിർമ്മാണം, അസംസ്കൃത വസ്തുക്കളുടെ സൂക്ഷിപ്പ് | 8 | 5000/-, 118040105234, 27-02-18 |

| | | | |
|---|---|---|---|
| 38 | എം പി ഫയാസ്, മോസൺസ് എഞ്ചിനീയറിംഗ് - യന്ത്ര സാമഗ്രികൾ നിർമ്മാണവും റിപ്പയറിംഗും | 8 | 5000/-, 118040105235, 27-02-18 |
| 39 | എം പി ഫയാസ്, മോസൺസ് എഡിബിൾസ് - ഭക്ഷ്യവസ്തുക്കളുടെ റീ പാക്കിംഗ്, അച്ചാർ നിർമ്മാണം, അനുബന്ധ അസംസ്കൃത വസ്തുക്കളുടെ സൂക്ഷിപ്പ്, സ്റ്റോക്ക് ചെയ്ത് വില്പന | 4 | 5000/-, 118040105236, 27-02-18 |
| 40 | എം പി ഫയാസ്, ടോയ്-ലറ്റ് സോപ്പ്, കോസ്മെറ്റിക്സ്, ക്ലീനിംഗ് ഷാംപൂ എന്നിവ നിർമ്മാണം, സ്റ്റോക്ക് ചെയ്ത് വില്പന | 8 | 5000/-, 118040105237, 27-02-18 |

ആകെ 8 സ്ഥാപനങ്ങൾക്ക് എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും ഒരു സ്ഥാപനത്തിന്റെ സ്ഥാപന നികുതി മാത്രമേ ഒടുക്കിയിട്ടുള്ളൂ (തൊഴിൽനികുതി രജിസ്റ്റർ-ട്രേഡേഴ്സ്, പേജ് 3). തൊഴിൽനികുതി മുഴുവൻ സ്ഥാപനങ്ങളുടേയും ഒരുമിച്ച് ഒടുക്കിയിട്ടുണ്ട് (ക്രമ നമ്പർ 60, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, പേജ് 57-63). എഫ്.ടി.ഇ.&ഒ.എസ്. അപേക്ഷകൾ പ്രകാരം 126 ജീവനക്കാരുണ്ടെങ്കിലും 110 പേരുടെ തൊഴിൽനികുതി മാത്രമേ ഒടുക്കിയിട്ടുള്ളൂ. മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. താഴെപ്പറയുന്നവരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളിലെയും വർക്കർമാർ, ഹെൽപ്പർമാർ.
2. ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ.
3. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാർ.

4. പാലയാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 2018-19 വർഷം എത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചു എന്ന് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-13 എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് അപാകങ്ങൾ

1. പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് ഫീ ഈടാക്കുന്നതിൽ വ്യക്തതയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ GO(P)നം.80/17/ത.സ്വ.ഭ.വ. എസ്.ആർ.ഒ. നം.647/17, പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232,233, 234 വകുപ്പുകളും 254 ക്കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരംഭ പ്രവർത്തനങ്ങളേയും സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരംതിരിച്ച് 21/02/18 ലെ 31/93/2018-ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ലൈസൻസ് ഫീ ഏർപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ 01-04-2018 മുതൽ ഇപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. 2018-19 വർഷം ലൈസൻസിനായി ലഭിച്ച ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷകർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കിയതും സെക്രട്ടറി അംഗീകരിച്ചതും അതിന്റെ അടിസ്ഥാനത്തിലല്ല. പഴയ രീതിയിൽ തന്നെയാണ് റിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | സത്യവാങ്മൂല പ്രകാരം മൂലധന നിക്ഷേപം | ഒടുക്കിയ ഫീസ് | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|---|
| 180 | സുരേഷ്ബാബു എ ഇ | സ്റ്റേഷനറി വില്പന | 1500 | 300 | 118040100208, 12-04-18 |
| 187 | എം ബാലകൃഷ്ണൻ | ഹാർഡ് വെയർ വില്പന | - | 300 | 118040100059, 05-04-18 |
| 188 | ലഹ്യ എം.കെ. | സിമന്റ് വില്പന | 30,000 | 500 | 118040100267, 17-04-18 |
| 189 | ശ്രീലിഷ | ധാന്യങ്ങൾ | 5,00,000 | 300 | 118040100289, |

| | | | | | |
|---|---|---|---|---|---|
| | പി.സി | പൊടിക്കുന്നതിന് | | | 19-04-18 |
| 128 | വിജീഷ് പി | ടെക്സോ പ്ലാസ്റ്റ് | 16,00,000 | 1,000 | 118040105596, 27-03-18 |
| 59 | രമേശൻ തട്ടാരി | ഫർണിച്ചർ നിർമ്മാണം | - | 800 | 118040105280, 28-02-18 |

മാനദണ്ഡങ്ങൾ പാലിക്കാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/18-19, തീയ്യതി : 27-08-2019) ലഭ്യമാക്കിയ മറുപടിയിൽ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കുന്നതും ലൈസൻസ് ഫീസ് ഈടാക്കുന്നതും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസിന് ലഭിച്ച മുഴുവൻ അപേക്ഷകളും പുന:പരിശോധിച്ച് (മൂലധന നിക്ഷേപം സത്യാവങ്മൂലത്തിൽ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ആയത് പരിശോധിച്ച് ഉറപ്പുവരുത്തി) ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരംഭ പ്രവർത്തനങ്ങളേയും സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി അംഗീകരിച്ച സ്ലാബുകളാക്കി തരംതിരിച്ച് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

2. സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ആവശ്യപ്പെട്ട സംഗതികളിൽ ആയത് ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | സത്യവാങ്മൂലപ്രകാരം മൂലധന നിക്ഷേപം | ഒടുക്കിയ ഫീസ് | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|---|
| 10 | എം ഭാസ്കരൻ | പൊടിച്ച് വില്പന | - | 500 | 118040105154, 23-02-18 |
| 157 | പുളിക്കൽ ജമീല | ഫ്ലോർ മിൽ | 1,30,000 | 300 | 118040100006, 03-04-18 |
| 142 | റിനീഷ് കുമാർ കെ | വർക്ക്ഷോപ്പ് | 1,50,000 | 500 | 118040105625, 28-03-18 |

ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രങ്ങളും അനുപതിപത്രങ്ങളും ആവശ്യമായ സംഗതികളിൽ അവ ലഭ്യമാക്കിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 01-04-2018 മുതലാണ് എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് അനുവദിച്ച് തുടങ്ങിയത് എന്നാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. എന്നാൽ എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 23-02-18 മുതൽ 31-03-18 വരെ ചട്ടപ്രകാരം അഡ്വാൻസ് ഫീയൊടുക്കിയ അപേക്ഷകരുടെ സംഗതികളിൽ എപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപേക്ഷകളിലൊന്നുംതന്നെ ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല. അപാകം പരിഹരിക്കേണ്ടതാണ്.

4. പാലയാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന വിവരം രജിസ്റ്ററുകളിൽ നിന്ന് ലഭ്യമല്ല. 2018-19 വർഷത്തിൽ ഇവിടെയുള്ള മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴവൻ സ്ഥാപനങ്ങളും എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്റ്റാന്റിംഗ് കമ്മിററി തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല.

2018-19 വർഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി എടുത്ത ചില തീരുമാനങ്ങൾ ചുവടെ കൊടുക്കുന്നു.

ലൈസൻസ് എടുക്കാതെ കച്ചവടം നടത്തുന്ന മുഴവൻ കച്ചവടക്കാരുടേയും ലൈസൻസ് ഫീ, തൊഴിൽനികുതി എന്നിവ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിനും വീടുകളിൽ പഞ്ചായത്ത് അനുമതിയില്ലാതെ മുകൾനില നിർമ്മാണം നടത്തിയവരുടെ വിവരം ലഭിക്കുന്നതിനായി ഇരുനിലകെട്ടിടങ്ങളുടെ വാർഡ് വൈസ് ലിസ്റ്റ് അതാത് മെമ്പർമാർക്ക് നൽകി അവയിൽ അടുത്ത കാലത്ത് നിർമ്മാണം നടത്തിയവയാണോ എന്ന് ഉറപ്പുവരുത്തി കെട്ടിട നികുതി പരിഷ്കരിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും പെർമിറ്റില്ലാതെ നിർമ്മാണം നടത്തിയതാണെങ്കിൽ അഡീഷണൽ നിർമ്മാണത്തിനുള്ള റഗുലറൈസേഷൻ നടത്തുന്ന തിനും കെട്ടിടനികുതി പരിഷ്കരണം നടത്തുന്നതിനും ഭരണസമിതിയോട് ശുപാർശ ചെയ്യുന്ന തിന് തീരുമാനം നമ്പർ 43/18 തീയ്യതി 09-10-18, തീരുമാനം നമ്പർ 49/18 തീയ്യതി 09-11-18, തീരുമാനം നമ്പർ 56/18, 09-12-18 എന്നിവ പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനങ്ങളിലുണ്ടായ തുടർനടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.21/18-19, തീയ്യതി : 29-08-2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വീടുകളിൽ പഞ്ചായത്ത് അനുമതിയില്ലാതെ മുകൾനില നിർമ്മാണം/കൂട്ടിച്ചേർക്കലുകൾ നടത്തിയവരുടെ വിവരം ലഭ്യമാക്കുന്നതിനായി വാർഡ് മെമ്പർമാർക്ക് മാത്രമാണ് ചുമതല നൽകിയിട്ടുള്ളത്. അവർ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തുന്നതിനായി അതത് വാർഡിന്റെ ചുമതലയുള്ള വാർഡ് ക്ലാർക്കുമാർക്ക് ഓഫീസ് ഉത്തരവ് വഴി ചുമതല നൽകിയതായി കാണുന്നില്ല. അതുകൊണ്ടുതന്നെ ലൈസൻസ് എടുക്കാതെ കച്ചവടം നടത്തുന്ന കച്ചവടക്കാരുടെ വിവരങ്ങളും (പുതുതായി തുടങ്ങിയവയും ലൈസൻസ് പുതുക്കാത്തവയും) ഓരോ വാർഡിലേയും മുഴുവൻ സ്ഥാപനങ്ങളുടെ വിവരങ്ങളും വർഷാരംഭത്തിൽ അതത് വാർഡിന്റെ ചുമതലയുള്ള ക്ലാർക്കുമാർ റിപ്പോർട്ട് ചെയ്യുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങളൊന്നും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നടത്തിയിട്ടില്ല.

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടേയും സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്ത സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല. വർഷാരംഭത്തിൽ വാർഡ് ക്ലാർക്കുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ രജിസ്റ്റർ കാലികമാക്കുന്നില്ല. അതിനാൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങൾക്കും തൊഴിൽനികുതി ഒടുക്കുന്നതിനായി നോട്ടീസ് നൽകാൻ സാധിക്കാതെ വരുന്നു.

ധർമ്മടം ഗ്രാമ പഞ്ചായത്തിലെ പ്രധാന തനതുവരുമാന സ്രോതസ്സുകളാണ് വസ്തുനികുതി, തൊഴിൽനികുതി, എഫ്.ടി.ഇ.&ഒ.എസ്. ലൈസൻസ് ഫീസ് എന്നിവ. ഇവ കണ്ടെത്തുന്നതിലും പിരിച്ചെടുക്കുന്നതിലും ഉണ്ടാകുന്ന വീഴ്ചകൾ പഞ്ചായത്തിന്റെ തനതുവരുമാന വർദ്ധനവിനെ സാരമായി ബാധിക്കുന്നുണ്ട്. തനതുവരുമാന വർദ്ധനവിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കാലാകാലങ്ങളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ജീവനക്കാരുടെ ഭാഗത്തുനിന്ന് കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-15 പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രി / സ്വകാര്യ പാരാ മെഡിക്കൽ

സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 3(2) പ്രകാരം രജിസ്ട്രേഷൻ ഫീസ് 200 രൂപയും ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ പുതുക്കൽ ഫീസ് 50 രൂപയുമാണ്. എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന ചുവടെ കൊടുത്ത പാര മെഡിക്കൽ സ്ഥാപനങ്ങൾ ഇപ്രകാരം മുൻകൂട്ടിയോ പിന്നീടോ രജിസ്ട്രേഷൻ നടത്തിയതായി കാണുന്നില്ല.

| ക്രമ നമ്പർ (രജിസ്റ്റർ പ്രകാരം) | ഉടമയുടെ പേര് | ലൈസൻസ് ആവശ്യം | ഒടുക്കിയ ഫീസ് | രശീത് നം., തീയ്യതി |
|---|---|---|---|---|
| 73 | റീമ കെ പി | മെഡിക്കൽ ലബോറട്ടറി നടത്തുന്നതിന് | 300 | 117040105357, 07-03-18 |
| 79 | പയ്യനാടൻ വൈദ്യർ ഹേമകുമാർ | ആയുർവ്വേദ ക്ലിനിക്, ആയു. മരുന്ന് വില്പന | 300 | 117040105379, 08-03-18 |
| 190 | ഡോ. സിനീഷ് പി | പാരമ്പര്യ ആയുർവ്വേദ കളരി മർമ്മ ചികി ത്സാലയം | 300 | 118040100300, 19-04-18 |
| 390 | എം സീത | മെഡിക്കൽ ലബോറട്ടറി നടത്തുന്നതിന് | 300 | 118040104116, 12-12-18 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/18-19, തീയ്യതി : 29-08-19) ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി റീമ കെ.പി. 28-02-19 ലെ 118040105237 നമ്പർ രശീതി പ്രകാരം രജിസ്ട്രേഷൻ പുതുക്കൽ ഫീസായ 50/- ഒടുക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. മറ്റുള്ളവരിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-16 ഇന്ധന ഉപഭോഗം, വാഹന അറ്റകുറ്റപ്പണി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പഞ്ചായത്തിന്റെ KL58J-5005 നമ്പർ ഔദ്യോഗിക വാഹനത്തിനും KL58J -6688 നമ്പർ മാലിന്യം ശേഖരിക്കുന്നതിനുള്ള വണ്ടിക്കും കൂടി 2018-19 ൽ റിപ്പയർ ഇനത്തിൽ ₹ 170278 ഉം, ഇന്ധന ചാർജ്ജ് ഇനത്തിൽ ₹111474 ഉം ചെലവ് ചെയ്തിട്ടുണ്ട് . ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു .

1. വാഹന ഉപഭോഗം സംബന്ധിച്ച് 30-06-2007 ലെ സർക്കാർ ഉത്തരവ് നമ്പർ 170/07 പ്രകാരം 6 മാസത്തിലൊരിക്കൽ പൊതുമരാമത്ത് മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് . എന്നാൽ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ സൂക്ഷിച്ചിട്ടില്ല .

2. ഇന്ധനം Full Tank capacity-യിൽ നിറച്ച് പരിശോധിച്ചതിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ഇന്ധനക്ഷമത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല .

3. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം ലോഗ്ബുക്കിൽ മാസാന്ത്യം രേഖപ്പെടുത്തേണ്ടതാണ് . എന്നാൽ അത്തരം രേഖപ്പെടുത്തലുകൾ ചേർത്തിട്ടില്ല .

4. പതിനായിരം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന സംഗതികളിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസർ / എഞ്ചിനീയർ കണക്കാക്കേണ്ടതും മത്സരാധിഷ്ഠിത ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ചെയ്യിക്കേണ്ടതുമാണ്. പഞ്ചായത്തിൽ ക്വട്ടേഷന്റെ അടിസ്ഥാനത്തിലാണ് അറ്റകുറ്റപ്പണി നടത്തുന്നതെങ്കിലും ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫീസർ / എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല .

വാഹനത്തിന്റെ ഇന്ധന ചെലവ് , റിപ്പയറിംഗ് ചാർജ് ഇവ ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുവാനും വണ്ടികളുടെ ക്ഷമത പരിശോധിക്കേണ്ടതാണെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഭരണസമിതിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട് (നമ്പർ-13/18.തീയതി-15-03-18). വണ്ടികളുടെ ക്ഷമത യഥാസമയം പരിശോധിക്കേണ്ടതും ലോഗ് ബുക്കിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

# 1-17 വാഹനങ്ങളുടെ ഇൻഷുറൻസ് -സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL58J - 5005, KL58J - 6688 എന്നീ വണ്ടികളുടെ

ഇൻഷൂറൻസ് തുകയായ 29652 രൂപ വൗച്ചർ നമ്പർ 51800715,26-11-18 പ്രകാരം ന്യൂ ഇന്ത്യ അഷ്വറൻസ് ലിമിറ്റഡിന് ഒടുക്കിയിട്ടുണ്ട് .സർക്കാർ ഉത്തരവ് നം (പി) 819/2000,തി-18/04/2000 പ്രകാരം സർക്കാർ വാഹനങ്ങളുടെ ഇൻഷൂറൻസ് സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന ഒടുക്കേണ്ടതാണ് . എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-25/30-08-19 ) ലഭിച്ച മറുപടിയിൽ ഭാവിയിൽ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന ചെയ്യുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. നിർദ്ദേശം പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

# 1-18 സംസ്ഥാന ലൈഫ് ഇൻഷുറൻസ് പ്രീമിയം തുക നിശ്ചിത നിരക്കിൽ ഈടാക്കിയില്ല

കെ.എസ്.ആർ ഭാഗം I ചട്ടം 22A പ്രകാരം 50 വയസ്സ് പൂർത്തിയാക്കാത്ത എല്ലാ സർക്കാർ ജീവനക്കാരും സംസ്ഥാന ഇൻഷൂറൻസ് വകുപ്പിന്റെ പോളിസി എടുക്കേണ്ടതും സർക്കാർ കാലാകാലം നിശ്ചയിക്കുന്ന നിരക്കിൽ പ്രീമിയം ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ 4-10-16 ലെ ജി.ഒ.(പി)നം. 149/16 നമ്പർ ഉത്തരവ് പ്രകാരം 01-01-17 മുതൽ പ്രാബല്യത്തിലുള്ള നിരക്കിൽ പോളിസി പ്രീമിയം ഒടുക്കി വരുന്നില്ല .

| പേര് | തസ്തിക | അടിസ്ഥാന ശമ്പളം( 2/18) | അടക്കേണ്ട പ്രീമിയം | അടച്ചു വരുന്ന തുക |
|---|---|---|---|---|
| ശ്രീമതി. ശോഭന പള്ളിക്കര | ക്ലാർക്ക് | 25850 | 300 | 200 |
| ശ്രീ.ലോഹിതാക്ഷൻ .സി.പി | സീനിയർ ക്ലാർക്ക് | 29900 | 300 | 200 |
| ശ്രീ.അനിൽ.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 40500 | 500 | 400 |

സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ശമ്പളത്തിൽ നിന്നും ഈടാക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ- 05/ 26-03-19 ) ശ്രീ.ലോഹിതാക്ഷൻ . സി.പി, ശ്രീ. അനിൽ.പി.കെ എന്നിവർ സ്ഥലം മാറിപ്പോയവരാണെന്നും ശ്രീമതി. ശോഭന പള്ളിക്കര എന്നവരുടെ പോളിസി നിരക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക സെപ്തംബർ മാസം മുതൽ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

സർക്കാർ കാലാകാലം നിശ്ചയിക്കുന്ന നിരക്കിൽ പ്രീമിയം ഒടുക്കി വരുന്നുണ്ടെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ് .

# 1-19 തെരുവ് വിളക്കിന് വൈദ്യുതി ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ നിന്നും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2018-19 വർഷം ₹ 755702 കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണവും ഇനവും കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട റിപ്പയർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഉപയോഗക്ഷമമല്ലാത്ത വിളക്കുകൾക്ക് ചാർജ്ജൊടുക്കുന്നില്ല എന്നുറപ്പുവരുത്തേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 / 24-08-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-20 തെരുവ് വിളക്ക് എ എം സി- തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 08 /19

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് AMC

അടങ്കൽ : ₹ 450000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് )

: ₹ 50000 തനത് ഫണ്ട്

ആകെ : ₹ 500000

ചെലവ് തുക : ₹ 242718 (ബിൽ. നം. 27 /18-19 /22 /01/19 ₹121359)

(ബിൽ. നം. 36 /18-19 /20 /03/19 ₹121359)

ആകെ : ₹ 242718

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മൂന്ന് ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട്

ചെയ്ത ശ്രീ. സജിത്ത്.വി.സി യുടെ ടെണ്ടറാണ് 11-07-18 ലെ 130/18-ാം നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചത് . പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1. തെരുവ് വിളക്കുകളുടെ AMC എന്ന പ്രോജക്ട് പ്രകാരം താഴെ കൊടുത്ത തെരുവ് വിളക്കുകളുടെ മെയിന്റൻസിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ 1323 വിളക്കുകൾ റിപ്പയർ ചെയ്തതായി കാണുന്നു (CFL-806, single & double Tube-381, Automatic-136 )

| ഇനം | എണ്ണം |
|---|---|
| 40w ordinary Bulb | 277 |
| 1* 40w Tube | 15 |
| 2*40 w Tube | 216 |
| 250 w( SVL) | 22 |
| 11 W (CFL) | 106 |
| 18W (CFL) | 35 |
| ആകെ | 671 |

2. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി കെ എസ് ഇ ബിയുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല .

3. കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ വിവരം രേഖപ്പെടുത്തുന്ന തെരുവു വിളക്കുകളുടെ സർവ്വീസ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല .

തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എണ്ണം തിട്ടപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കെ എസ് ഇ ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ വിവരം അടങ്ങിയ രജിസ്റ്ററും മെയിന്റനൻസ് കരാറിൽ പറയുന്ന തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ വന്ന വ്യത്യാസം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/24-08-19) മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-21 ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : so 166 /19

പ്രോജക്റ്റിന്റെ പേര് : ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കൽ

അടങ്കൽ : ₹ 20000 വികസന ഫണ്ട്.

: ₹ 30000 തനത് ഫണ്ട്.

ആകെ : ₹50000

ചെലവ്:

: ₹ 17900 (ബിൽ. നം. 20/18-19 / 03 /11/18 ) : ₹ 2100 (ബിൽ. നം. 19 /18-19 / 03 /11/18 )

ആകെ ₹ 20000 (വികസന ഫണ്ട് )

: ₹ 12500 ചെക്ക് നമ്പർ-1352916,/23-01-19

: ₹ 3100 ചെക്ക് നമ്പർ - 02019124,/23-03-19

: ₹ 12000 , ചെക്ക് നമ്പർ- 7014072,/ 20-02-19

: ₹ 1900, ചെക്ക് നമ്പർ- 446436 /23-10-2018

ആകെ : ₹ 29500 (തനത് ഫണ്ട് )

ആകെ ചെലവ് : ₹ 49500

പദ്ധതി പ്രകാരം ധർമ്മടം ഗ്രാമ പഞ്ചായത്തിൽ നടന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയതിനാണ് മേൽ കാണിച്ച ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് . 12-06-18 ലെ സ.ഉ(സാധാ) 1591/18 നമ്പർ ഉത്തരവ് പ്രകാരം ഒരു ഭരണസമിതിയുടെ കാലഘട്ടത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ തനത് ഫണ്ടിൽ നിന്നും പരമാവധി 100000 രൂപ വരെ ചെലവഴിക്കാവുന്നതാണ് . എന്നാൽ പദ്ധതിക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും ₹ 20000 ചെലവ് ചെയ്തിരിക്കുന്നു . വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി ഉത്തരവ് ലഭ്യമാണെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/26-08-19 ) പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ രേഖകൾ സൂക്ഷിക്കുക എന്ന സദുദ്ദേശത്തോടെ ചെയ്തതാണെന്നാണ് നൽകിയ മറുപടി . സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-22 കറവ പശുവിന് തീറ്റവിതരണം - സബ്സിഡി

# ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കറവ പശുവിന് തീറ്റവിതരണം |
| പ്രോജക്റ്റ് നം | 88/19 |
| അടങ്കൽ | 8,25,000/-(4,00,000-വികസനഫണ്ട് )<br>( 4,12,500-ഗുണഭോക്തൃവിഹിതം)<br>( 12,500 - തനത് ഫണ്ട് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| ആകെ ചെലവ് | 3,35,760/- |
| ബിൽനം | 1/19.11.2018 - 65,650/- (വികസനഫണ്ട് )<br>2/19.11.2018- 65,650/- (വികസനഫണ്ട് )<br>4/29.01.2019 - 1,32,925/- (വികസനഫണ്ട് )<br>7/20.02.2019- 67,275/- (വികസനഫണ്ട് )<br>Ch.No.7014091/27.03.2019 – 4260/-(തനത് ഫണ്ട് ) |

ജി.ഒ(എം.എസ്) 22/18തസ്വഭവ.തീ.14.02.2018ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.8 പ്രകാരം വ്യക്തികൾ സാധനങ്ങൾ നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പെടെ) നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിന് ശേഷം സബ്സിഡി അവരുടെ അക്കൗണ്ടുകളിലേക്ക് അടക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം കറവ പശുവിന് തീറ്റവിതരണം എന്ന പ്രോജക്ട് നടപ്പിലാക്കിയപ്പോൾ സബ്സിഡി നൽകിയത് ക്ഷീര സഹകരണ സംഘത്തിന്റെ അക്കൗണ്ടിലേക്കാണ്. ഇത് സർക്കാർ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീയ്യതി :26-08-2019)നൽകിയ മറുപടി ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും ഒടുക്കുവാൻ ബുദ്ധിമുട്ടായതുകൊണ്ടാണ് ഇപ്രകാരം ചെയ്യേണ്ടിവന്നതെന്നാണ്. മേലിൽ സർക്കാർ

നിർദ്ദേശം അനുസരിച്ച് സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തന്നെ നൽകേണ്ടതാണ്.

## 1-23 ഐ സി ഡി എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തൽ - പൂർണ സജ്ജമായില്ല.

പ്രോജക്ട് നമ്പർ-78/19 ഐ സി ഡി എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ സൗകര്യം

അടങ്കൽ --65,000(മെയിന്റ്നൻസ് ഫണ്ട്)

ചെലവ്- ബിൽ നമ്പർ -18220352013100994632/27.12.18 Rs 57,670

ഐ സി ഡി എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുന്നതിനായി EGAPOW IT Solutions എന്ന സ്ഥാപനത്തിൽ നിന്നും താഴെ പ്രതിപാദിക്കുന്ന പ്രകാരം(Invoice No.ES2595/15.12.18) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

ACER PC-1

Printer- 1

Scanner-1

UPS-1

Monitor-1

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കമ്പ്യൂട്ടർ ഇൻസ്റ്റലേഷൻ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2.കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/18-19) നിലവിൽ കമ്പ്യൂട്ടർ പ്രവർത്തനക്ഷമമാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതിനാൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പൂർണമായും ഉപയോഗപ്പെടുത്തുന്നതിലേക്കായി ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കാൻ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. അതോടൊപ്പം ഇൻസ്റ്റലേഷൻ സർട്ടഫിക്കറ്റും, ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

## 1-24 അമൃതം ന്യൂട്രിമിക്സ് - സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

നിർവഹണ ഉദ്യോഗസ്ഥ - ഐ സി ഡി എസ് സൂപ്പർ വൈസർ

പ്രോജക്റ്റ് നമ്പർ-9/19അങ്കണവാടി പോഷകാഹാര വിതരണം

അടങ്കൽ --13,96,780(വികസനഫണ്ട്)

-- 9,13,200(കേന്ദ്രാവിഷ്കൃതഫണ്ട്)

ആകെ -- 23,09,980

ചെലവ്- 22,05,148/-

ധർമടം ഗ്രാമപഞ്ചായത്തിലെ 28 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി ഐശ്വര്യ ന്യൂട്രിമിക്സ് , മുഴപ്പിലങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സ് മുഴുവനായും സ്റ്റോക്കിലെടുത്തതായും, വിതരണം ചെയ്തതായും കാണാത്തതിനാൽ വിശദീകരണം ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/18-19 തിന് നൽകിയ മറുപടിയിൽ യഥാർത്ഥത്തിൽ ലഭ്യമായ അളവ് ന്യൂട്രിമിക്സ് തന്നെ അങ്കണവാടികളിലേക്ക് വിതരണം ചെയ്തതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അങ്കണവാടി സെന്റർ നമ്പർ 1, 19 എന്നിവയിൽ വിതരണം ചെയ്ത അളവുകൾ യഥാർത്ഥത്തിൽ നൽകിയതിനെക്കാളും കുറച്ച് രേഖപ്പെടുത്തിയതിനാലാണ് ഇത്തരമൊരു അപാകം സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മാസം | ചെക്ക് നമ്പർ / തീയ്യതി/ തുക | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് പ്രകാരമുള്ള അളവ് (Kg) | സ്റ്റോക്ക്/ വിതരണ റജിസ്റ്റർ പ്രകാരമുള്ള അളവ് (Kg) | കുറവുള്ള അളവ് | ഓഡിറ്റ് അന്വേഷണം നൽകിയതിനു ശേഷം ക്രമപ്പെടുത്തിയ അളവ് |
|---|---|---|---|---|---|---|---|
| 1 | ജനുവരി 2019 | 7014075/27.2.19 | 31/4.1.19 | 1231.875 | 1215.00 | 16.88 | 16.88(സെന്റർ നമ്പർ 1) |
| 2 | മാർച്ച് 2019 | 7014090/23.3.19 | 44/6.3.19 | 1215.00 | 1198.125 | 16.88 | 16.88(സെന്റർ നമ്പർ 19) |

അങ്കണവാടികളിലെ സ്റ്റോക്ക് റജിസ്റ്റർ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി പരിശോധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ

A. പദ്ധതി ലക്ഷ്യം കാണുന്നതുവരെ മോണിറ്ററിംഗ് നടത്തുന്നില്ല

1.പ്രോജക്ട് നമ്പർ- 43/19 ഉത്സവ വാഴകൃഷി

അടങ്കൽ --3,96,000/-(വികസനഫണ്ട്)

ചെലവ്- 3,96,000/-

ബിൽ നമ്പർ- 1822035200800024354 7 dt 21.6.18 ₹3,96,000/-

അണ്ടല്ലൂർ കാവിലെ ഉത്സവത്തിന് ഓരോ വീട്ടിലും ഒരു വാഴക്കുല എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പാക്കിയത്. എന്നാൽ വാഴക്കന്ന് വിതരണം ചെയ്തതോടുകൂടി മോണിറ്ററിംഗ് അവസാനിച്ചു. പ്രോജക്ട് നടപ്പിലാക്കിയതുമൂലമുണ്ടായ ഗുണഫലങ്ങളും നേട്ടങ്ങളും പിന്നീട് വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഉത്സവത്തിന് വാഴക്കുലയുടെ ലഭ്യത എത്രത്തോളം ഉണ്ടായിട്ടുണ്ടെന്നും പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുവാൻ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാൻ മോണിറ്ററിംഗ് സമിതിക്ക് സാധിച്ചിട്ടില്ല.

2.പ്രോജക്ട് 103/19 കുറ്റികുരുമുളക് വീട്ടുവളപ്പിൽ

അടങ്കൽ-40,000/- വികസനഫണ്ട്

ബൽ നമ്പർ- 1822035200800061981 2 dt 9.10.18 40,000/-

VPFCK കാസർകോടുനിന്നും invoice No. KGD/KBK/27 dt. 8.9.18 പ്രകാരം 40,000/ രൂപക്ക് 400 എണ്ണം കുരുമുളക് തൈവാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയതായി ഫയലിൽ റിപ്പോർട്ടുണ്ട്. എന്നാൽ കുരുമുളക് തൈ ലഭിച്ച മുഴുവൻ വീടുകളും കുരുമുളക് കൃഷിയിലും ഉപയോഗത്തിലും സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടോ എന്ന വിലയിരുത്തൽ നടത്തിയിട്ടില്ല.

3. പ്രോജക്ട് നമ്പർ- 37/19 ഇടവിളകൃഷി വികസനം

അടങ്കൽ --2,50,000(വികസനഫണ്ട്)

ചെലവ്- 2,50,000/-

ബിൽ നമ്പർ- 1822035200800025O893 dt 23.6.18 ₹2,50,000

തരിശായികിടക്കുന്ന ഭൂമിയിൽ കൃഷി സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രോജക്ടാണിത്. ഉത്പാദന വർധനവ് ഉണ്ടാവുകയും ഇടവിളകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന്റെഭാഗമായി VFPCK യിൽ നിന്നും 5000kg മഞ്ഞൾ വിത്ത് വാങ്ങി വിതരണം ചെയ്യുകയാണ് ഉണ്ടായത്. വിത്തുകൾ വിതരണം ചെയ്ത് പ്രോജക്ട് നടപ്പിലാക്കുകയും ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയതുമൂലം മഞ്ഞൾ ഉത്പാദനത്തിൽ എത്രമാത്രം വർധനവ് ഉണ്ടായിട്ടുണ്ടെന്ന് പിന്നീട് വിലയിരുത്തൽ നടത്തിയിട്ടില്ല. തുടർ മോണിറ്ററിംഗും നടക്കുന്നില്ല.

# 1-26 തുക നൽകിയെങ്കിലും വി ഇ ഒ ഓഫീസിന് കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല.41,259 രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ധർമ്മടം)

പ്രോജക്ട് നമ്പർ- 192/19വി ഇ ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ --50,000(മെയിന്റനൻസ് ഗ്രാന്റ്)

ചെലവ്- 41,259/-

ബിൽ നമ്പർ- 1822035200810136 2737 dt 13.3.2019 ₹41,259

വി.ഇ.ഒ ഓഫീസിലേക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി, കെൽട്രോൺ TVM/ITBG/PI/RC/6673/17-18 dt 12.3.19 നമ്പറായി നൽകിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് ₹41259 മുകളിൽ പരാമർശിച്ച ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായതിന്റെ ഒറിജിനൽ ഇൻവോയ്സ്, ആയത് വി.ഇ.ഒ ഓഫീസിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/2018-19 ന് നൽകിയ മറുപടിയിൽ കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ആയതിനാൽ 41,259 രൂപ തടസ്സപ്പെടുത്തുന്നു.

# 1-27 പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ നിശ്ചയിച്ച

# മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കുന്നില്ല

പ്രോജക്ട് നമ്പർ -15/18-19 (വീടിന് മേൽക്കൂരമാറ്റൽ ജനറൽ)

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ബിൽ നമ്പർ-18220352008100922822 dt 12.12.18 ₹ 75,000

ബിൽ നമ്പർ-18220352008101055739 dt 4.2.19 ₹ 1,50,000

ബിൽ നമ്പർ-18220352008101245476 dt 22.2.19 ₹ 2,25,000

ബിൽ നമ്പർ-18220352008101287739 dt 1.3.19 ₹ 1,12,,500

ബിൽ നമ്പർ-18220352008101452326 dt 22.3.19 ₹ 37,500

ആകെ ചെലവ് – 6,00,000/- രൂപ

പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി ഒരു യൂണിറ്റിന് 75,000 രൂപ നിരക്കിൽ പത്ത് വീടുകൾക്ക് 7,50,000 രൂപ വകയിരുത്തുകയും ആയതിൽ 6,00,000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവ് നമ്പർ. 22/18 തസ്വഭവ തീയ്യതി 14.2.18 ഖണ്ഡിക 6.7.1 ൽ പ്രതിപാദിച്ചുപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1.ചുമർ ബലമുള്ളതും എന്നാൽ മേൽക്കൂര ഓല/ പുല്ല് / തകരഷീറ്റ്/ആസ്ബസ്റ്റോസ് എന്നിവ ഉപയോഗിച്ച് മേഞ്ഞതുമായ വീടുകളായിരിക്കണം. അല്ലെങ്കിൽ പൂർണമായി ജീർണിച്ച ഓടിട്ട മേൽക്കൂരയായിരിക്കണം. എന്നാൽ സബ്സിഡി അനുവദിച്ചത് മേൽ നിബന്ധനകൾ പാലിക്കുന്ന വീടുകൾക്കാണെന്ന് ഉറപ്പുവരുത്തുന്നില്ല.

2.ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ എസ്.ജി. ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാവാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച സ്ഥിതി വിവരം ചുവടെകൊടുക്കുന്നു.

1. വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ്

| വർഷം | നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ശതമാനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 2018-19 | 476 | 92 | 19.32 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | 2018-19 |
|---|---|---|
| 1 | പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 48 |
| 2 | ആകെരജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 1467 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 538 |
| 4 | 100 തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങൾ | 249 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 42613 |

2018-19 ൽ തൊഴിൽ ആവശ്യപ്പെട്ട 538 കുടുംബങ്ങൾക്കും തൊഴിൽ നല്കിയിട്ടുണ്ട്. എന്നാൽ 249 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽ ദിനം നല്കാൻ കഴിഞ്ഞിട്ടുള്ളൂ. വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട്. ലേബർ ബഡ്ജറ്റ് പ്രകാരം ആകെയുള്ള 476 പ്രവൃത്തികളിൽ 92 പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ.

3. വേതന വിതരണത്തിലെ കാലതാമസം സംബന്ധിച്ച വിവരങ്ങൾ

തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി പൂർത്തിയായി 14 ദിവസത്തിനകം തൊഴിലാളികൾക്ക് കൂലി ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്ത് കൂലി നല്കാൻ കഴിയുന്നില്ലെങ്കിൽ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. തൊഴിൽ കൂലി നിശ്ചിത സമയത്തിനുള്ളിൽ തന്നെ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട് .

4. തൊഴിലുപകരണങ്ങൾക്ക് വാടക നൽകൽ - കൂലിയോടൊപ്പം നൽകുന്നുണ്ട് .

തൊഴിലുറപ്പ് പദ്ധതയിൽ ഏർപ്പെടുന്ന തൊഴിലാളികൾ തന്നെ പണിയായുധങ്ങൾ കൊണ്ടുവരേണ്ടതാണെന്നും ഇതിനുള്ള വാടക കൂലിയോടൊപ്പം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ചാണ് ഇപ്പോൾ വാടക നൽകിവരുന്നത് .

5. വാർഷിക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല

സ.ഉ.നമ്പർ/12329/ഡി.ഡി.2/2012/ത.സ്വ.ഭ.വ തീയതി 09-04-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ

വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന മുൻവർഷത്തെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിൽ തൊഴിൽ കൂലി ഇ.എഫ്.എം.എസ്. രീതിയിൽ തൊഴിലാളികളുടെ അക്കൗണ്ടിൽ നൽകുകയാണ് ചെയ്തു വരുന്നത്.

6.സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നു

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തേണ്ടുന്ന ചുമതല സോഷ്യൽ ഓഡിറ്റ് വിജിലൻസ് മോണിറ്ററിംഗിൽ നിക്ഷിപ്തമാണ്. പഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ടീം വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

7.ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രം രൂപീകരിച്ചിട്ടില്ല

ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്(എസ്.ഒ.2877(ഇ) തീയ്യതി 11.11.2009). എന്നാൽ ഈ സേവാകേന്ദ്രങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് യാതൊരു നടപടിയും എടുത്തിട്ടില്ല.

8.എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ - ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ട്

സ.ഉ(ആർ.ടി)നം.534/ 2012 തീയ്യതി 22.02.12 ഉത്തരവിൽ ജൈവ ആവാസ വ്യവസ്ഥയെ തകർക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ നിരോധിച്ചിരുന്നു. തരിശ് ഭൂമി വികസനം, തോട് സംരക്ഷണം, വ്യക്തിഗത ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം എന്നീ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യമായ പരമാവധി തൊഴിലും, കൂലിയും തൊഴിലിനായി രജിസ്റ്റർ ചെയ്തതും, ആവശ്യപ്പെട്ടതുമായ എല്ലാവർക്കും ലഭിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട് .

# 1-29 കുടിവെള്ള വിതരണം നടത്തിയത്- രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവു തുകയായ ₹ 360000 തടസ്സപ്പെടുത്തുന്നു .

ധർമ്മടം ഗ്രാമ പഞ്ചായത്തിലെ വരൾച്ച ബാധിച്ച വിവിധ വാർഡുകളിൽ 2018-19 വർഷം

കുടിവെള്ളം വിതരണം നടത്തിയതിനുള്ള തുകയാണ് വൗച്ചർ നമ്പർ-51800234 / 29-06-18 പ്രകാരം ₹ 3,60,000 ( ചെക്ക് നമ്പർ-8015077,29-06-18) സെക്രട്ടറി അനുവദിച്ചിട്ടുള്ളത്. 3 ക്വട്ടേഷനുകൾ ലഭിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ശ്രീ.സന്തോഷ്.കെ ,വിനായകം ,കീഴത്തൂർ എന്നവരുടെ ട്രിപ്പിന് ₹1500 എന്ന നിരക്കിലുള്ള ക്വട്ടേഷനാണ് ഭരണസമിതിയുടെ 16-05-18 ലെ 22/249/18 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിരിക്കുന്നത് . പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. പഞ്ചായത്ത് നിശ്ചയിച്ച സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാമെന്ന് സമ്മതിച്ച് കൊണ്ടുള്ള എഗ്രിമെന്റ് തയ്യാറാക്കിയില്ല.

2. കുടിവെള്ളത്തിന്റെ സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

3. കുടിവെള്ള വിതരണം നടത്തിയ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

4.കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വർക്ക് ഓർഡർ ഫയലിൽ ലഭ്യമല്ല .

5. കരാറുകാരന് നൽകിയ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല .

6.പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന പ്രവൃത്തി വരൾച്ചയ്ക്ക് ശേഷം ചേർന്ന ഗ്രാമസഭയിൽ ചർച്ച നടത്തിയതിന്റെ രേഖ സൂക്ഷിച്ചിട്ടില്ല.

7. ജലവിതരണം നടത്തുന്ന റൂട്ടുകളുടെ വിശദ വിവരം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസദ്ധീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( നമ്പർ -4/26-08-19 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും

അഭാവത്തിൽ ചെലവു തുകയായ ₹ 360000 തടസ്സപ്പെടുത്തുന്നു .

# 1-30 വിവിധ അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ- പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം-- 101 /18-19. ( 10 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ )

അടങ്കൽ --മെയിന്റനൻസ് ഫണ്ട് (റോഡിതരം) - ₹ 122440

ചെലവ്---മെയിന്റനൻസ് ഫണ്ട് (റോഡിതരം)- ₹ 86013

ബിൽ നം -- 25/ 2018-19 / 24-01-19 ₹ 8927

ബിൽ നം -- 26 / 2018-19 / 24-01-19 ₹ 75686

ബിൽ നം -- 37 / 2018-19 / 20-03-19 ₹ 1400

ആകെ – 86013/- രൂപ

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ 10 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷനുവേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം കേരള വാട്ടർ അതോറിട്ടിക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും കുടിവെള്ള കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .7 / 26-08-19) നൽകിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി എത്രയും വേഗം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ 210 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 91875/- രൂപ പ്രതിമാസം വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്ട്സിൽ (09-11-18 ലെ 52/18 നമ്പർ തീരുമാനം) 210 ടാപ്പുകളിൽ ഒട്ടുമിക്ക ടാപ്പുകളും ഉപയോഗശൂന്യമായവയാണെന്നും ആയവ ഒഴിവാക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുവാനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് .

പഞ്ചായത്തിലെ ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ-10/26-08-19 ) മറുപടി നൽകിയിട്ടില്ല . ഓഡിറ്റിന്റെ ഭാഗമായി കൂടിയ എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്തിൽ പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ടെന്നും ആയത് പ്രകാരം 210 പൊതു ടാപ്പുകളും  പ്രവർത്തനക്ഷമമാണെന്നുമാണ് അറിയിച്ചത്. കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന മുറക്ക് പ്രവർത്തനക്ഷമമല്ലാത്തത് ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഹാജരാക്കേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 ധർമ്മടം പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- 42,120/- രൂപയുടെ മരുന്ന് ലഭിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രോജക്ട് നമ്പർ : 36/19

പേര് : ധർമ്മടം പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,50,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ചെലവ് : 1,50,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ബിൽ നം. / തീയ്യതി : 8/18-19, 1,00,000/-, 11-12-18

12/18-19, 50,000/-, 15-02-19

ആരോഗ്യ വകുപ്പ് വിതരണം ചെയ്യുന്ന മരുന്ന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കാരുണ്യ ഫാർമസിയിൽ നിന്നും മരുന്ന് നേരിട്ട് വാങ്ങുന്നതിന് തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം 11-12-18 ന് 1,00,000/- രൂപയും 15-02-19 ന് 50,000/- രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (പഞ്ചാബ് നാഷണൽ ബാങ്ക്, അക്കൗണ്ട് നമ്പർ 3624001800000019). എന്നാൽ 1,07,880/- രൂപയുടെ (37068 + 32744 + 38068) മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/2018-19, തീയ്യതി : 24-08-2019) മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി നൽകിട്ടുണ്ട്. മുഴുവൻ മരുന്നും ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 തൊഴിൽ രഹിത വേതനം- നിബന്ധനകൾ പാലിക്കേണ്ടതാണ്

ധർമ്മടം ഗ്രാമപഞ്ചായത്തിൽ നിന്നും 2018-19 വർഷത്തിൽ 82 ഗുണഭോക്താക്കൾ തൊഴിൽ രഹിത വേതനം കൈപ്പറ്റിവരുന്നുണ്ട്. ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല. നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്ന വേതനം തൊഴിൽ രഹിത വേതനത്തിനേക്കാൾ കൂടുതലാണ് . തൊഴിലുറപ്പ് പദ്ധതി ഭംഗിയായി നടക്കുന്ന പഞ്ചായത്തിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടില്ല . 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവർക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം

തൊഴിൽ നൽകുന്നതിന് ശുപാർശ ചെയ്തിരുന്നു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10-12-18 ലെ 60/18 നമ്പർ തീരുമാനം പ്രകാരം തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും അവശത അനുഭവിക്കുന്നവർക്ക് ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം വേതനം നൽകുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കൾക്കും വരുമാന സർട്ടിഫിക്കറ്റ്, താമസ സ്ഥലത്തിന്റെ വിവരം എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് അയച്ചിട്ടുള്ളതായും ലഭിക്കുന്ന മുറക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചിട്ടുണ്ട് . മേൽ ഉത്തരവിലെ ചട്ടം 6 (1, 2 3,7) പ്രകാരം വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് .

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16-07-19 മുതൽ 19-07-19 വരെ | കെ.എസ്.എ/കെ.എൻ.ആർ/ സി.7/1237/2019. തീയതി: 14.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 127500 | നെൽകൃഷി വികസനം | 127500 | 0 |
| ബ്ലോക്ക് | 2018- | 85000 | പച്ചക്കറി കൃഷി | 85000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 19 | | പ്രോൽസാഹനം | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2632610 | ആധുനിക ശ്മശാനം | 263824 | 2368786 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 396025 | 3975 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1385566 | ലൈഫ് ഭവനപദ്ധതി നിർമ്മാണം | 1385566 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 274392 | ചിറക്കനി എലിപ്രം റോഡ് ടാറിംഗ് | 274392 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | സാന്ത്വന പരിചരണം | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 42500 | പച്ചക്കറി കൃഷി പ്രോൽസാഹനം | 42500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 396025 | 3975 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 176405 | 23595 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 435420 | ലൈഫ് ഭവനപദ്ധതി | 0 | 435420 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 10 അങ്കണ വാടി കൾക്ക് കുടിവെള്ള കണക്ഷൻ | Directly debited to bank | 86013 | 0 | 86013 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1020185/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻവർഷം എടുത്തത്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ (എം.എസ്) 68/18 തസ്വഭവ തീ.18.05.2018 | 1020185 | 0 | 0 | 0 | 1020185 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73565234 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53327374 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,01,259 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:-</u> ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-26 | 41259 | ശ്രീ.പ്രേമൻ,വി.ഇ.ഒ (ധർമ്മടം) |
| 1-29 | 360000 | ശ്രീ.പ്രസാദ് വി.വി, സെക്രട്ടറി |
| **ആകെ** | 401259/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രേമൻ | വി.ഇ.ഒ(ധർമ്മടം),ധർമ്മടം ഗ്രാമപഞ്ചായത്ത് | 'അഞ്ജനം' നിയർ കുർമ്പക്കാവ്, മുഴപ്പിലങ്ങാട് |
| ശ്രീ.പ്രസാദ് വി.വി | സെക്രട്ടറി,ധർമ്മടം ഗ്രാമ പഞ്ചായത്ത് | പ്രസാദ് നിവാസ്, വേങ്ങാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 1 |
| | | |

| | | |
|---|---|---|
| 2001-02(പദ്ധതി) | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 1 |
| 2004-2005 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 2 |
| 2007-2008 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 3 |
| 2008-2009 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 6 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 3 |
| 2011-12 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 6 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 2 |
| 2014-15 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 6 |
| 2015-2016 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 7 |
| 2016-17 | കെ.എസ്.എ/കെ.എൻ ആർ./ സി.7/743/2019 തീയതി: 14.06.2019 | 10 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./ സി.7/1604/18 തീയ്യതി 23.11.2018 | 3 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.7/1453/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 11.10.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| **Dharmadam Grama Panchayath**<br>Receipt and Payment Statement | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 1758934.53 |
| Cash | Cash | RP-40(a) | 21287.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1877620.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 1065334.00 |
| 150000000 | Sale & Hire Charges | RP-5 | 113080.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35351826.00 |
| 171000000 | Interest Earned | RP-9 | 163402.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 22714967.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 168339.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 65451.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 35048.00 |
| 311000000 | Earmarked Funds | RP-29 | 18182.00 |
| 330000000 | Secured Loans | RP-32 | 1020185.00 |
| 340000000 | Deposits Received | RP-34 | 641175.00 |
| 350000000 | Other Liabilities | RP-36 | 261685.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10016440.00 |
| 460000000 | Loans, Advances and Deposits | RP-47 | 50000.00 |
| | Grand total | | 75345455.53 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3174353.00 |
| 220000000 | Administrative Expenses | RP-12 | 972300.00 |
| 230000000 | Operations & Maintenance | RP-13 | 3133702.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4308782.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15891581.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3929463.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 352739.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 426872.00 |
| 255000000 | Maintenance Projects | RP-20 | 2825674.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | 450000.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 675547.00 |
| 350000000 | Other Liabilities | RP-36 | 5785456.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 549801.00 |
| 311000000 | Earmarked Funds | RP-29 | 137120.00 |
| 340000000 | Deposits Received | RP-34 | 191585.00 |
| 350000000 | Other Liabilities | RP-36 | 2220998.00 |
| 410000000 | Fixed Assets | RP-38 | 1436214.00 |
| 412000000 | Capital work in Progress | RP-40 | 5256237.00 |
| 460000000 | Loans, Advances and Deposits | RP-47 | 608950.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 22018081.53 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 75345455.53 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Dharmadam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5412354.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2500.00 |
| 140000000 | Fee & User Charges | I-4(b) | 1444834.00 |
| 150000000 | Sale & Hire Charges | I-5(b) | 113400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 147616601.00 |

| | | | |
|---|---|---|---|
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 163402.00 |
| 180000000 | Other Income | I-9 | 69548.00 |
| | Total Income | | 154822639.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10650702.00 |
| 220000000 | Administrative Expenses | I-11(b) | 972300.00 |
| 230000000 | Operations & Maintenance | I-12(b) | 3134160.00 |
| 240000000 | Interest & Finance Charges | I-13 | 549801.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4754562.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28897123.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3929463.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 352739.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 93751472.00 |
| 255000000 | Maintenance Projects | I-14(e) | 2825674.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 272000000 | Depreciation | I-17(a) | 2760928.00 |
| | Total Expenditure | | 153578924.00 |
| | Gross Surplus/ Deficit of income over Expenditure | | 1243715.00 |
| 280000000 | Prior Period Item | I-18 | 523160.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 720555.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Dharmadam Grama Panchayath<br>Balance Sheet | | | |
| As on 31.03.2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12794632.14 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 60678.00 |
| 312000000 | Reserves | B-3 | 27934796.00 |
| | Total Reserve & Surplus | | 40790106.14 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17454004.00 |
| | Total Grants, Contributions for Specific Purposes | | 17454004.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1020185.00 |
| | Total Loans | | 1020185.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 854550.50 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1530395.89 |
| | Total Current Liabilities and Provisions | | 2384946.39 |
| | TOTAL LIABILITIES | | 61649241.53 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 48078260.00 |
| 411000000 | Accumulated Depreciation | B-11 | -9811084.00 |
| 412000000 | Capital Work in Progress | B-11(a) | 943135.00 |
| | Total Fixed Assets | | 39210311.00 |

| | | | |
|---|---|---|---|
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 57341.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 22018081.53 |
| 460000000 | Loans, Advances and Deposits | B-18 | 363508.00 |

| | |
|---|---|
| Total Current Assets, Loans and Advances | 22438930.53 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 61649241.53 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.